(ബി) അപൂർവ്വം ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം അപാകതകൾ പരിഹരിക്കുന്നതിന് ജില്ലാ ജനറൽ ജോയിന്റ് രജിസ്ട്രാർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രാഥമിക സഹകരണ സംഘങ്ങളിലെ നിക്ഷേപത്തിന് സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി നിക്ഷേപ ഗ്യാരന്റി സ്കീം നടപ്പിലാക്കിവരുന്നുണ്ട്. നിക്ഷേപകരുടെ താത്പര്യം പൂർണ്ണമായും സംരക്ഷിച്ച് പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തിരുവേണി സൂപ്പർ മാർക്കറ്റുകളുടെ നഷ്ടം

87 (2325) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർ ഫെഡിൽ നിലവിൽ എത്ര തിരുവേണി സൂപ്പർ മാർക്കറ്റുകളാണ് ഉള്ളത് ;

(ബി) ഓരോ തിരുവേണി സൂപ്പർ മാർക്കറ്റുകളിലും വില്പനയ്ക്കുസ്വന്തമായിട്ടാണോ ജീവനക്കാരെ നിയമിച്ചിട്ടുള്ളത് ;

(സി) ഇത്തരത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് വേതനം നൽകുന്നതുവഴി ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത കൺസ്യൂമർ ഫെഡ് ഏതുവഴിക്കാണ് പരിഹരിക്കുന്നത് ;

(ഡി) നിലവിലുള്ള തിരുവേണി സൂപ്പർ മാർക്കറ്റുകളിൽ ലാഭകരമായത് എത്ര; നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്ര;

(ഇ) നഷ്ടത്തിന്റെയും ലാഭത്തിന്റെയും കണക്കുകൾ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കൺസ്യൂമർഫെഡിൽ നിലവിൽ 248 തിരുവേണി സൂപ്പർമാർക്കറ്റുകളാണ് ഉള്ളത്.

(ബി) ഓരോ തിരുവേണി സൂപ്പർമാർക്കറ്റുകളിലും കാലാകാലങ്ങളിൽ അവയുടെ വില്പനയ്ക്കനുസൃതമായിട്ടാണ് ജീവനക്കാരെ നിയമിക്കുന്നത്.

(സി) ഇത്തരത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് വേതനം നൽകുന്നതുവഴി ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത പരിഹരിക്കുന്നതിനായി വിവിധ പുനരുദ്ധാരണ പദ്ധതികളും പ്രവർത്തനങ്ങളും ആവിഷ്കരിച്ച് നടപ്പാക്കുവാൻ കൺസ്യൂമർഫെഡ് ലക്ഷ്യമിട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിലുള്ള ത്രിവേണി സ്റ്റോറുകളിൽ 11 എണ്ണം ലാഭകരമായും 237 എണ്ണം നഷ്ടത്തിലുമാണ് പ്രവർത്തിക്കുന്നത്.

(ഇ) ത്രിവേണി സ്റ്റോറുകളിലെ 2013-14 വരെയുള്ള മൊത്തം നഷ്ടം 18.25 കോടി രൂപയും ലാഭത്തിൽ പ്രവർത്തിക്കുന്നവയുടെ മൊത്തം ലാഭം 21,83,236.95 രൂപയുമാണ്.

റിസർവ് ബാങ്കിന്റെ ഭേദഗതികൾ

88 (2326) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിസർവ് ബാങ്ക് പുതുതായി ഇറക്കിയിട്ടുള്ള ഭേദഗതികൾ സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ ദോഷകരമായി ബാധിക്കുന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം സഹകാരികൾക്കും, സഹകരണ ബാങ്കുകൾക്കും ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് സഹകരണ ബാങ്കുകളെ ബാധിക്കുന്ന ബാങ്കിംഗ് റെഗുലേഷൻ ആക്ട് ഭേദഗതികൾ റദ്ദാക്കുന്നതിനാവശ്യമായ അടിയന്തര ഇടപെടലുകളും നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റിസർവ് ബാങ്കിന്റെ സർക്കുലർ പ്രകാരം സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ. നിക്ഷേപം 2015 മാർച്ച് 31-ന് മുമ്പ് 5 ശതമാനവും 2016 മാർച്ച് 31-ന് മുമ്പ് 10 ശതമാനവും ബാക്കിയുള്ള തുക 2017 മാർച്ച് 31-ന് മുമ്പും ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ. നിക്ഷേപ നിരക്ക് 25 ശതമാനത്തിൽനിന്ന് 22.5 ശതമാനമായി കുറച്ചത് വഴി സംസ്ഥാന സഹകരണ ബാങ്കിന്റെ നിക്ഷേപത്തിൽ കാര്യമായ കുറവുണ്ടാകും. ജില്ലാ സഹകരണ ബാങ്കുകളെ സംബന്ധിച്ച് എസ്.എൽ.ആർ. നിക്ഷേപം ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിച്ചാൽ പലിശ നഷ്ടം സംഭവിക്കാനുള്ള സാദ്ധ്യതയുണ്ട്. ജില്ലാ സഹകരണ ബാങ്കുകൾ അവരുടെ നിക്ഷേപം ഗവൺമെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കേണ്ടിവരികയും ആയതിനായി സംസ്ഥാന സഹകരണ ബാങ്കിൽനിന്നും വ്യാപകമായി തുക പിൻവലിക്കുന്ന സാഹചര്യം സംജാതമാകുകയും ചെയ്യുന്നത് സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കാനിടയുണ്ട്. ഗവൺമെന്റ് സെക്യൂരിറ്റികളിലെ നിക്ഷേപത്തിന് മറ്റ് രീതിയിലുള്ള എസ്.എൽ.ആർ. നിക്ഷേപത്തെ അപേക്ഷിച്ച് താരതമ്യേന കുറഞ്ഞ വരുമാനമേ ലഭിക്കുകയുള്ളൂ ആയത് വഴി ജില്ലാ സഹകരണ ബാങ്കുകൾക്ക് നഷ്ടം സംഭവിക്കാൻ ഇടയുണ്ട്.

(ബി) ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly